**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4591** **19-03-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. എ. രാജ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. കെ.വി.സുമേഷ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക വിഭാഗങ്ങളുടെ അഭിവൃദ്ധിക്കായി വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, തൊഴിൽ, അടിസ്ഥാനസൗകര്യ വികസനം എന്നിവയ്ക്ക് മുൻഗണന നൽകി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക വിഭാഗങ്ങളുടെ അഭിവൃദ്ധിക്കായി വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, തൊഴിൽ, അടിസ്ഥാനസകര്യ വികസനം എന്നിവയ്ക്ക് മുൻഗണന നൽകി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br><br>**വിദ്യാഭ്യാസം**<br><br>1. പ്രീ-മെടിക്ക് & പോസ്റ്റ് മെടിക് സ്കോളർഷിപ്പ് പദ്ധതി<br><br>2. ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി.<br><br>3.മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീമെടിക് പോസ്റ്റ് മെടിക് ഹോസ്റ്റലുകൾ, സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ<br><br>4.ഇതര സംസ്ഥാന പഠനം<br><br>5.അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി.<br><br>6.സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.<br><br>7. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം<br><br>8. വിവിധ പൊതു പ്രവേശനപരീക്ഷകൾക്കുള്ള പരിശീലനം. |

9. ലാപ്ടോപ്പ് വിതരണം

10. പഠന മുറി പദ്ധതി

11.ഗോത്രബന്ധു പദ്ധതി

12. ഗോത്ര സാരഥി (വിദ്യാവാഹിനി) പദ്ധതി

13. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം

14.വിങ്ങ്സ്-വൈമാനിക പരിശീലന പരിപാടി

15. നൈപുണ്യ വികസന പരിശീലന പരിപാടികൾ

16.അഭിഭാഷക ധനസഹായം.

17.പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം.

18.കെടാവിളക്ക് സ്കോളർഷിപ്പ്

**<u>പാർപ്പിടം</u>**

<u>1.</u> ലൈഫ് മിഷൻ മുഖാന്തിരം ഭവന നിർമ്മാണം

2.സേഫ് പദ്ധതി

3.ദുർബല വിഭാഗ പുനരധിവാസ പദ്ധതി

**<u>തൊഴിൽ</u>**

1.സ്വയം തൊഴിൽ പദ്ധതി

2.സാങ്കേതി വിദ്യാഭ്യാസം നേടിയവർക്ക് അപ്രന്റീസ്ഷിപ്പ്

3.ടൂൾ കിറ്റ്

4.വിദേശ തൊഴിൽ ധനസഹായ പദ്ധതി.

5.ട്രേസ് പദ്ധതി

6.സ്വാശ്രയ സംഘങ്ങൾക്കും വനിതാ സംഘങ്ങൾക്കും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായ പദ്ധതി

**<u>ആരോഗ്യ പദ്ധതി</u>**

1.ചികിത്സാ ധനസഹായം

2.സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി

3.സിക്കിൽ സെൽ അനീമിയ രോഗികൾക്കുള്ള ധനസഹായം

4.ദുരിതാശ്വാസനിധി

5.ജനനി ജന്മരക്ഷാ പദ്ധതി

6.ട്രൈബൽ പാരാമെഡിക്സ് ട്രെയിനി

7.KATADI Initiative (Kerala Accelerated Tribal Ability Development & Inclusion Initiative).

8.മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ

9.ഒ.പി ക്ലിനിക്കുകളും ആയുർവേദ ഡിസ്പെൻസറികളും

10.ഊരിന്റെ താരാട്ട്

11.ആംബുലൻസ് സേവനം

12.ട്രൈബൽ മെൻ്റൽ ഹെൽത്ത് പ്രോജക്ട് വയനാട്

**അടിസ്ഥാനസൗകര്യ വികസനം**

1. അംബേദ്കർ ഗ്രാമ പദ്ധതി.

2..ഭൂമി വാങ്ങൽ ധനസഹായം/ഭൂരഹിത പുനരധിവാസ പദ്ധതി.

3. ഇന്റേണൽ റോഡ്/ ഫുട് പാത്ത്

4 .കുടിവെള്ള സൗകര്യങ്ങൾ

5. വൈദ്യുതീകരണം/വീടുകളിലേക്കുള്ള സോളാർ വൈദ്യുതീകരണം

6. സോളാർ തെരുവ് വിളക്ക്

7. സാനിറ്റേഷൻ

8. ഡ്രെയ്നേജ് സൗകര്യങ്ങൾ

9. മാലിന്യ നിർമ്മാർജ്ജനം

10.ഇറിഗേഷൻ

11. അടുക്കളത്തോട്ടം

| | | | |
|---|---|---|---|
| | | | 12. വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം ഹോർട്ടികൾച്ചർ/ വീവിംഗ് കരകൗശലം<br><br>13. ഇന്റർനെറ്റ് കണക്റ്റിവിറ്റി സൗകര്യങ്ങൾ<br><br>14. സാംസ്കാരിക നിലയം, വായനശാല എന്നിവയുടെ നിർമ്മാണവും സജ്ജീകരണവും<br><br>15.കുടാര നഗർ അടിസ്ഥാന സൗകര്യ വികസനം |
| (ബി) | വിവിധ വകുപ്പുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും ജില്ലകളിലെ വികസനപ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും പരിഹാരനിർദ്ദേശങ്ങൾ നൽകുന്നതിനുമായി ജില്ലാതല അവലോകനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;? | (ബി) | ബഹു.വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാതല അവലോകന യോഗം നടത്തിയിട്ടുണ്ട്.കൂടാതെ എസ്.സി/ എസ്.ടി ഫണ്ടുകളുടെ പുരോഗതി വിലയിരുത്തുന്നതിന് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനും ജില്ലാ കളക്ടർ മെമ്പർ സെക്രട്ടറിയുമായുള്ള ജില്ലാ തലകമ്മറ്റി പുന: സംഘടിപ്പിക്കുകയും ടി കമ്മിറ്റി മുഖേന പദ്ധതി പ്രോജക്ടുകൾ പ്രത്യേകം വിലയിരുത്തുകയും, നിർവഹണം ത്വരിതഗതിയിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതി വിനിയോഗത്തിലെ കുറവ് കണ്ടെത്തി പരിഹരിക്കുന്നതിന് വകുപ്പ് തലത്തിലും, ഡയറക്ടറേറ്റ് തലത്തിലും, ജില്ലാ വികസന ഓഫീസർമാർ മുഖേനയും അവലോകനയോഗങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ചെലവ് കുറവായ പദ്ധതികൾ പ്രത്യേകം അവലോകനം ചെയ്യുകയും ആവശ്യമായ ഇടപെടലുകൾ സ്വീകരിക്കുകയും ചെയ്യുന്നു. പദ്ധതികളുടെ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായ നടത്തിപ്പിന് മേൽനോട്ടം വഹിക്കുവാൻ നിയമസഭാ നിയോജക മണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപികരിക്കുന്നതിന് എല്ലാ ജില്ലാ വികസന ഓഫീസർമാർ/ അസിസ്റ്റന്റ് ജില്ലാ ഓഫീസർമാർ എന്നിവർക്ക് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ